പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 364 — 27.6.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. എം.എ. വാഹീദ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരുന്നുകളുടെ ദുരുപയോഗം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള മരുന്നുകൾ ഉപയോഗിക്കുന്ന രോഗിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ രജിസ്റ്ററിൽ വിൽപന സമയത്ത് രേഖപ്പെടുത്തുവാനും, കുറിപ്പടിയിൽ മരുന്നു കൊടുത്ത തീയതിയും, വിതരണക്കാരന്റെ മേൽവിലാസവും രേഖപ്പെടുത്താനും നിർദ്ദേശിച്ചിട്ടു ണ്ട്. ഡോക്ടറുടെ കുറിപ്പടിയോടുകൂടി മാത്രമേ ഇത്തരത്തിലുള്ള മരുന്നുകൾ വിൽപന നടത്തുവാൻ പാടുള്ളൂ. purchase bill, sales record മുതലായ രേഖകൾ ഇല്ലാതെ പ്രസ്തുത മരുന്നുകൾ വിൽപന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)ഏതെല്ലാം വിഭാഗത്തിൽപ്പെട്ട മരുന്നുകളുടെ വിതരണവും, വിൽപ്പനയും ഉപയോഗവുമാണ് നിയന്ത്രിക്കപ്പെട്ടിട്ടുള്ളത്; | (ബി) മാനസിക രോഗങ്ങൾക്കുള്ള മരുന്നുകൾ (Alprazolam, Lorazepam, Nitrazepam, Diazepam, Haloperidol), Codeine അടങ്ങിയിട്ടുള്ള സിറപ്പുകൾ, വേദന സംഹാരികൾ (Dextropropoxyvon, Pentazocine Injection) ഹോർമോൺ മരുന്നുകൾ (Levonorgestrol, Mifepristone) Sex stimulants (Sildenafil, Tadalafil) എന്നീ വിഭാഗങ്ങളിൽപ്പെട്ട മരുന്നുകളുടെ വിതരണവും വിൽപനയും ഉപയോഗവുമാണ് നിയന്ത്രിക്കപ്പെട്ടിട്ടുള്ളത്. |
| (സി) പ്രസ്തുത നിയന്ത്രണം കർശനമായി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | (സി) എല്ലാ മെഡിക്കൽഷോപ്പുകളിലും മേൽപറഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്ന രോഗിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും, ദുരുപയോഗം ഒഴിവാക്കാൻ കുറിപ്പടിയിൽ മരുന്നു കൊടുത്ത കടയുടെ മേൽവിലാസവും തീയതിയും രേഖപ്പെടുത്തുവാനും നിർദ്ദേ |

ശിച്ചിട്ടുണ്ട്. എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും പരിശോധന സമയത്ത് രജിസ്റ്റർ പരിശോധിച്ച് അതാത് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാർക്ക് റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട് കേരളത്തിലെ മുഴുവൻ വിതരണക്കാരോടും ഒരോ മാസവും 5-ാം തീയതിയ്ക്കു മുൻപായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള മരുന്നുകളുടെ വിൽപ്പന വിവരങ്ങൾ ബാച്ച് നമ്പർ സഹിതം അതാത് ജില്ലാ അധികാരികളെ അറിയിക്കാനും നിഷ്ക്കർഷിച്ചിട്ടുണ്ട് വിതരണക്കാർ നല്കുന്ന വിവരങ്ങൾ വിശദമായി പരിശോധിച്ച് സാമാന്യ അനുപാതത്തിന് വിപരീതമായി കൂടുതൽ മരുന്നുകൾ കൈകാര്യം ചെയ്യുന്ന കടകളിൽ വിശദമായ പരിശോധന നടത്തുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽ കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ ഒട്ടാകെയുള്ള സി ആന്റ് എഫ് ഏജന്റ്/Depot എന്നീ സ്ഥാപനങ്ങളിലെ ടി മരുന്നുകളുടെ വിൽപ്പന വിവരങ്ങൾ അതാത് ജില്ലാ ഓഫീസർമാരേയും, സോണൽ ഓഫീസർമാരേയും അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് അത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകളിൽ ആവശ്യത്തിലധികം മരുന്നുകൾ വാങ്ങുന്ന സ്ഥാപനങ്ങളിൽ വിശദമായ പരിശോധന നടത്തുവാൻ അതാത് ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള മരുന്നുകളുടെ വിപണന ശൃംഖല വിവിധ ഘട്ടങ്ങളിലായി സശ്രദ്ധം നിരീക്ഷിക്കുന്നു ണ്ട്

സെക്ഷൻ ഓഫീസർ